കേരള സർക്കാർ

ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

<u>പരിപത്രം</u>

നം.50/2021/ധന | തീയതി, തിരുവനന്തപുരം, 02/07/2021

വിഷയം :- സ്പെഷ്യൽ കെയർ അലവൻസ് അനുവദിക്കുന്നതിനുള്ള പ്രായം തെളിയിക്കുന്ന രേഖ സംബന്ധിച്ച് പുതുക്കിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- (1) 23/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം 35/2021/ധന.
(2) 19/03/2021 തീയതിയിലെ പരിപത്രം നം 27/2021/ധന.
(3) 27/03/2021 തീയതിയിലെ പരിപത്രം നം 30/2021/ധന.

പതിനൊന്നാം ശമ്പള കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രതിമാസം 1000 രൂപ 80 വയസ് കഴിഞ്ഞ പെൻഷൻകാർക്ക് "സ്പെഷ്യൽ കെയർ അലവൻസ്" ആയി നൽകുമെന്ന് സൂചന (1) പ്രകാരം ഉത്തരവായി.

2) സൂചന (2)-ലെ പരിപത്രം പ്രകാരം 80 വയസ് കഴിഞ്ഞ പെൻഷൻകാർക്ക് അവരുടെ ജനനതീയതി ട്രഷറി രേഖകളിൽ ഉള്ളപക്ഷം "സ്പെഷ്യൽ കെയർ അലവൻസ്" ലഭിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു. ജനനതീയതി ട്രഷറി രേഖകളിൽ ഇല്ലാത്തവർ ടി പരിപത്രത്തിൽ പരാമർശിച്ചിരിക്കുന്ന രേഖകളിൽ ഒന്ന് മാത്ര ട്രഷറിയിൽ സമർപ്പിച്ച് 80 വയസ്സ് പൂർത്തിയായി എന്ന് തെളിയിച്ചാൽ സ്പെഷ്യൽ കെയർ അലവൻസ് ലഭിക്കുന്നതാണ് എന്നും ജനനതീയതി തെളിയിക്കുന്ന രേഖ ഇല്ലാത്തവർ, രേഖയുടെ ആധികാരികത ഉറപ്പ് വരുത്താൻ സാധിക്കാത്തവർ എന്നിവർ ട്രഷറി ഓഫീസർ മുഖേന സർക്കാരിലേക്ക് അപേക്ഷ ലഭ്യമാക്കേണ്ടതാണ് എന്നും ടി പരിപത്രത്തിൽ നിർദേശിച്ചിരുന്നു.

3) നിലവിലെ നിയമങ്ങൾ പ്രകാരം ആധാറോ, തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച ഫോട്ടോ പതിപ്പിച്ച ഇലക്ഷൻ ഐ.ഡി കാർഡോ ജനനതീയതി/വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയായി പരിഗണിക്കാൻ സാധിക്കുകയില്ല എന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സൂചന (3)-ലെ പരിപത്രം പ്രകാരം സ്പെഷ്യൽ കെയർ അലവൻസ് ലഭിക്കുന്നതിനായുള്ള വയസ്സ് തെളിയിക്കുന്ന രേഖകളിൽ നിന്നും ടി രണ്ടു രേഖകളും നീക്കം ചെയ്തിരുന്നു.

4) ജനനതീയതി തെളിയിക്കുന്ന രേഖ ഇല്ലാത്തവർ, രേഖയുടെ ആധികാരികത ഉറപ്പ് വരുത്താൻ സാധിക്കാത്തവർ എന്നിവർക്ക് "സ്പെഷ്യൽ കെയർ അലവൻസ്" ലഭിക്കുന്ന വിഷയത്തിൽ പല പെൻഷൻ സംഘടനകളും സർക്കാരിനോട് വ്യക്തത ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സ്പെഷ്യൽ കെയർ അലവൻസ് വിതരണം ചെയ്യുന്നതു സംബന്ധിച്ച് ചുവടെപ്പറയുന്ന മാർഗ്ഗനിർദേശങ്ങൾ ഉൾപ്പെടുത്തി പരിപത്രം പുറപ്പെടുവിക്കുന്നു

(a) 80 വയസ്സ് കഴിഞ്ഞ സർവീസ് പെൻഷൻകാർക്ക് അവരുടെ ജനനതീയതി ട്രഷറി രേഖകളിൽ ഇല്ലാത്ത പക്ഷം, സൂചന പരിപത്രങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന രേഖകൾക്കൊപ്പം ജനനതീയതി രേഖപെടുത്തിയ പെൻഷൻ പേയ്മെന്റ് ഓർഡറും സ്പെഷ്യൽ കെയർ അലവൻസ് ലഭിക്കുന്നതിനായുള്ള വയസ്സ് തെളിയിക്കുന്ന രേഖയായി കണക്കാക്കാവുന്നതാണ്.

(b) 80 വയസ്സ് കഴിഞ്ഞ കുടുംബ പെൻഷൻകാർക്ക് സൂചന പരിപത്രങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന രേഖകളുടെ അഭാവത്തിൽ മാത്രം അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്നതിന് മേൽ പറഞ്ഞ രേഖകളൊന്നും ഇല്ലായെന്ന സ്വയം സാക്ഷ്യപത്രത്തിൻമേൽ സിവിൽ സർജൻ റാങ്കിൽ കുറയാത്ത സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, സ്പെഷ്യൽ കെയർ അലവൻസ് ലഭിക്കുന്നതിനായുള്ള വയസ്സ് തെളിയിക്കുന്ന രേഖയായി കണക്കാക്കാവുന്നതാണ്. ഇത്തരം അപേക്ഷകൾ മേൽപ്പറഞ്ഞ രേഖകളോടൊപ്പം ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിക്കേണ്ടതും, 80 വയസ്സ് പൂർത്തിയായി എന്ന് ട്രഷറി അധികൃതർക്ക് ബോധ്യമാകുന്ന പക്ഷം സ്പെഷ്യൽ കെയർ അലവൻസ് അനുവദിക്കേണ്ടതുമാണ്. സമർപ്പിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആധികാരികതയിൽ ട്രഷറി അധികൃതർക്ക് സംശയം തോന്നുന്ന പക്ഷം ടി അപേക്ഷ സർക്കാരിലേക്ക് അയക്കേണ്ടതും സർക്കാർ ടി വിഷയത്തിൻമേൽ തീരുമാനം കൈകൊള്ളുന്നതുമാണ്.

(c) 80 വയസ്സ് കഴിഞ്ഞ സർവീസ് പെൻഷൻകാർക്ക് (a) പിരിവിൽ പറയുന്ന രേഖകൾ ഒന്നും കൈവശമില്ലാത്ത/നഷ്ടപ്പെട്ടുപോയ പക്ഷം (b) പിരിവിൽ പ്രതിപാദിച്ച സ്വയം സാക്ഷ്യപത്രത്തിൻമേൽ സിവിൽ സർജൻ റാങ്കിൽ കുറയാത്ത സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ് സ്പെഷ്യൽ കെയർ അലവൻസ് ലഭിക്കുന്നതിനായുള്ള വയസ്സ് തെളിയിക്കുന്ന രേഖയായി കണക്കാവുന്നതാണ്.

(d) വയസ്സ് തെളിയിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെയും, ട്രഷറിയിൽ സമർപ്പിക്കേണ്ട സ്വയം സാക്ഷ്യപത്രത്തിന്റെയും മാതൃക അനുബന്ധത്തിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

6) സൂചനയിലെ പരിപത്രങ്ങൾ മേൽഭേദഗതികളോടെ നിലകൊള്ളുന്നതാണ്.

**എ. ഷിബു**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ [എ & ഇ], കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ [ഓഡിറ്റ് II], കേരളം, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറികൾ, സബ് ട്രഷറികൾ.
സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ, പ്രിസം [info.fin@kerala.gov.in].
നോഡൽ ഓഫീസർ [www.finance.kerala.gov.in].
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ [PEN-B1/27/2020-FIN-Part(1) (e-1776411)].

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സത്യവാങ്മൂലം

80 വയസ്സ് കഴിഞ്ഞ പെൻഷൻകാർക്ക് നൽകുന്ന "സ്പെഷ്യൽ കെയർ അലവൻസ്" ലഭിക്കുന്നതിനായി വയസ്സ് തെളിയിക്കുന്നതിന് 19/03/2021 തീയതിയിലെ പരിപത്രം നം.27/2021/ധന, 27/03/2021 തീയതിയിലെ പരിപത്രം നം.30/2021/ധന, 02/07/2021 തീയതിയിലെ പരിപത്രം നം.50/2021/ധന എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന രേഖകൾ ഒന്നും എന്റെ കൈവശം ഇല്ലായെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. എനിക്ക് 80 വയസ്സ് പൂർത്തിയായി എന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഞാൻ ഇതിനോടൊപ്പം സമർപ്പിക്കുന്നു. ടി സത്യവാങ്മൂലം സമർപ്പിച്ച തീയതി എനിക്ക് 80 വയസ്സ് പൂർത്തിയായില്ല എന്ന് ഭാവിയിൽ കണ്ടെത്തുന്ന പക്ഷം നാളതുവരെ ഞാൻ അധികമായി കൈപ്പറ്റിയ സ്പെഷ്യൽ കെയർ അലവൻസ് തിരികെ അടയ്ക്കാൻ തയ്യാറാണ് എന്ന് ഞാൻ ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു.

മാതൃ ട്രഷറി :

ജില്ല :

ഒപ്പ് :

പെൻഷണറുടെ/കുടുംബ പെൻഷണറുടെ പേര് :

പി.പി.ഒ നമ്പർ :

പൂർണ്ണമായ മേൽവിലാസം :
[പിൻകോഡ്, മൊബൈൽ നമ്പർ സഹിതം]

സ്ഥലം :

തീയതി :

## പ്രായം തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്

[02/07/2021 തീയതിയിലെ പരിപത്രം നം.50/2021/ധന യുടെ ഖണ്ഡിക 5(b) പ്രകാരം സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസർ നൽകുന്നത്]

..................................................

അപേക്ഷകന്റെ ഒപ്പ് / (ഇടത്) തള്ളവിരൽ അടയാളം

ഡോക്ടർ ....................................................................................................................

എന്ന ഞാൻ മുകളിൽ ഒപ്പ് / (ഇടത്) തള്ളവിരൽ അടയാളം നൽകിയിട്ടുള്ള ശ്രീ / ശ്രീമതി

..............................................................................................................................

..............................................................................................................................

പരിശോധിച്ചുവെന്നും ടിയാന്റെ / ടിയാരിയുടെ സ്വന്തം പ്രസ്താവന അനുസരിച്ച് ടിയാന്റെ / ടിയാരിയുടെ പ്രായം ........................ വയസ്സാണെന്നും കാഴ്ചയിൽ ............................. വയസ്സാണെന്നും കണ്ടെത്തിയതായി ഇതിനാൽ സാക്ഷ്യപെടുത്തുന്നു.

ഈ സർട്ടിഫിക്കറ്റ് .............................................................................................................

ആവശ്യത്തിനായി ..........................................................................................................

.............................................. ഹാജരാക്കുന്നതിനാണ് നൽകിയിരിക്കുന്നത്.

സ്ഥലം :

തീയതി :

സമയം :

മെഡിക്കൽ ഓഫീസറുടെ ഒപ്പ് :

പേര് :

ഔദ്യോഗിക മേൽവിലാസം :

ഓഫീസ് സീൽ